# പർണിക

## പോയകാലത്തിലെ ചില ഏടുകൾ




താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്
നെടുമങ്ങാട്





വിവിധ വിള പരീക്ഷണങ്ങൾ










**ജി. ആർ. അനിൽ**

ഭക്ഷ്യ-പൊതുവിതരണവും
ഉപഭോക്തൃകാര്യവും ലീഗൽ മെട്രോളജിയും
വകുപ്പുമന്ത്രി
കേരള സർക്കാർ

ഗവൺമെന്റ് സെക്രട്ടേറിയറ്റ്
തിരുവനന്തപുരം-695 001


20/06/2022
തീയതി.................................

## സന്ദേശം

നെടുമങ്ങാട് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് 'നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഡേ" ആഘോഷത്തോടനുബന്ധിച്ച് 'പർണ്ണിക' എന്ന പേരിൽ ഒരു മാഗസിൻ പുറത്തിറക്കുന്നു എന്നറിഞ്ഞതിൽ വളരെയധികം സന്തോഷം.

ഈ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

**ജി.ആർ.അനിൽ**



അനീഷ് കുമാർ.  ബി
ഡെപ്യൂട്ടി ഡയറക്ടർ

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ജില്ലാ ഓഫീസ്, വേങ്ങൽ ബിൽഡിംങ്സ് കേശവദാസപുരം, തിരുവനന്തപുരം – 695004 ഫോൺ നമ്പർ : 0471 – 2533727
വെബ് സൈറ്റ് : www.ecostat.kerala.gov.in
ഇ–മെയിൽ : ecostattvm@gmail.com

## ആശംസ

ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്സിന്റെ പിതാവായ ശ്രീ.പ്രശാന്ത ചന്ദ്ര മഹലനോബിസ് – ന്റെ ജന്മദിനമായ ജൂൺ 29 ദേശീയ സ്റ്റാറ്റിസ്റ്റിക്സ് ദിനമായി ആഘോഷിക്കുന്നു . ഈ വർഷത്തെ സ്റ്റാറ്റിസ്റ്റിക്സ് ദിനാഘോഷത്തിന്റെ ഭാഗമായി നെടുമങ്ങാട് താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് **“പർണിക”** എന്നപേരിൽ ഒരു മാഗസിൻ പുറത്തിറക്കുന്നു എന്നറിഞ്ഞതിൽ വളരെയധികം സന്തോഷിക്കുന്നു.

ഈ മാഗസിൻ തയാറാക്കുന്നതിന് നേതൃത്വം നൽകിയ താലൂക്ക് സ്റ്റാറ്റിറ്റിസ്റ്റിക്കൽ ഓഫീസർ ശ്രീ.വിനീത് കുമാർ.പി.ജി , സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്‌പെക്ടർ ശ്രീ.സുനിൽകുമാർ എന്നിവരെയും താലൂക്ക് സ്റ്റാറ്റിറ്റിസ്റ്റിക്കൽ ഓഫീസിലെ മറ്റെല്ലാ ജീവനക്കാരെയും അഭിനന്ദിക്കുന്നതോടൊപ്പം എല്ലാവിധ ആശംസകളും നേരുന്നു.

ഡെപ്യൂട്ടി ഡയറക്ടർ



റ്റി.എസ്.ഒ. ശ്രീ. വിനീത്കുമാറിന്റെ
വാക്കുകൾ കേൾക്കാം...

# ഉള്ളടക്കം


**ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്സിന്റെ നാൾവഴികൾ** — 6
ദിലീപ്കുമാർ. കെ

**നെൽകൃഷിയുടെ റിപ്പോർട്ട്** — 8
സുനിൽ കുമാർ. ബി

**സംഗതി** — 9
പാസ്റ്റിന മേരി (പാമ)
അവതരണം:വൃന്ദ പി. എസ്

**നന്മമരം** — 11
സന്തോഷ് കുമാർ. എസ്

**കൈപിടിച്ച്** — 12
അരുൺ. ആർ

**കാമുകി** — 14
വൃന്ദ പി. എസ്

**ഒരു ഡ്രാഗൺ ഫ്രൂട്ട് വിപ്ലവം** — 15
ജയകൃഷ്ണൻ. കെ

**മുതലെടുക്കുകയാണല്ലേ സജി** — 16
സന്തോഷ് കുമാർ. എസ്

**ഒരു ഇൻസ്പെക്ഷൻ അപാരത** — 16
സന്തോഷ് കുമാർ. എസ്





താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്
നെടുമങ്ങാട്
സ്റ്റാഫ് കൗൺസിൽ
29.06.2022

# ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്സിന്റെ നാൾവഴികൾ

ദിലീപ്കുമാർ. കെ

ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്സിന്റെ പിതാവായ പ്രശസ്തനായ പി സി മഹലനോബിസിന്റെ ജന്മദിനമാണ് ജൂൺ 29 സ്റ്റാറ്റിസ്റ്റിക്സ് ദിനമായി 2007 മുതൽ ഇന്ത്യാ ഗവൺമെൻറ് ആചരിച്ചുവരുന്നത്. ഈ ദിനത്തിൽ സ്ഥിതി വിവരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച്, രാഷ്ട്ര പുരോഗതിക്ക് പി.സി മഹലനോബിസ് വഹിച്ച പങ്കിനെ കുറിച്ച് നമുക്ക് പരിശോധിക്കാം.

സ്ഥിതിവിവരണകണക്കുകളുടെ ആവശ്യവും പ്രാധാന്യവും അനുദിനം വർദ്ധിച്ചു വരുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. രാജ്യത്തിന്റെ സാമൂഹിക സാമ്പത്തിക മണ്ഡലങ്ങളിൽ ഉണ്ടായ വിപ്ലവകരമായ മാറ്റമാണ് ഇതിന് പ്രധാന കാരണം. ഭരണകൂടങ്ങൾ മാത്രമാണ് ഒരുകാലത്ത് സ്ഥിതി വിവരങ്ങൾ ശേഖരിച്ചിരുന്നത്. അതും നികുതി ചുമത്താനും പ്രതിരോധ സജ്ജീക രണങ്ങൾക്കുള്ള വിഭവശേഷി നിർണയിക്കുവാനും ആവശ്യമായ വിവരങ്ങൾ മാത്രം. പക്ഷേ ഇന്നത്തെ സ്ഥിതി അതല്ല. ഭരണകൂടം രാഷ്ട്രത്തിന്റെ എല്ലാ മണ്ഡലങ്ങളിലും പങ്കാളിയാണ്. നിലവിലുള്ള സ്ഥിതിഗതികൾ മനസ്സിലാക്കാനും ഭാവിപരിപാടികൾ ആസൂത്രണം ചെയ്യാനും വൻതോതിലുള്ള സ്ഥിതി വിവരണ ശേഖരണം ആവശ്യമായി തീർന്നിരിക്കുന്നു. മിക്കവാറും എല്ലാ പരിഷ്കൃത രാഷ്ട്രങ്ങളും ആസൂത്രണം ഒരു നയമായി സ്വീകരിച്ചതോടെ ശേഖരിക്കേണ്ട വിവരങ്ങളുടെ അളവും വ്യാപ്തിയും പതിൻമടങ്ങ് വർദ്ധിച്ചു. ലഭ്യമായ വിവരങ്ങൾ സമാഹരിച്ച് ഏറ്റവും പ്രയോജനപ്രദമായി വിനിയോഗിക്കുക എന്നതാണല്ലോ ആസൂത്രണത്തിന്റെ ലക്ഷ്യം. ഇതിന് വിവരങ്ങളും ആവശ്യങ്ങളെ പറ്റിയുള്ള വിവരങ്ങളും ശേഖരിച്ചേ പറ്റൂ .ഉദാഹരണമായി കാർഷിക പദ്ധതി ആസൂത്രണം ചെയ്യാൻ ആവശ്യമുള്ള ഭക്ഷ്യ ഉൽപാദനങ്ങളുടെ അളവ്, നിലവിലുള്ള കൃഷിഭൂമിയുടെ ഉൽപ്പാദനശേഷി, കൃഷിഭൂമി ആയി മാറുന്ന തരിശു ഭൂമിയുടെ അളവ്, കർഷകരുടെ എണ്ണം, അവരുടെ സാമ്പത്തികശേഷി, പരിശീലനം, കൈവശമുള്ള കൃഷി ആയുധങ്ങൾ തുടങ്ങിയ വയെപ്പറ്റിയുള്ള സ്ഥിതിവിവരങ്ങൾ സ്വീകരിക്കേണ്ടതുണ്ട്. നടപ്പിലാക്കിയ പരിപാടികൾ എത്രത്തോളം വിജയപ്രദമായി എന്നറിയാനും, അവയിൽ വരുത്തേണ്ട മാറ്റങ്ങളെ പറ്റി സ്ഥിതി വിവരണ ശേഖരണം ആവശ്യമാണ്. അതുപോലെ ഭരണകൂടത്തിന് പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും സ്ഥിതിവി വരങ്ങൾ സ്വീകരിക്കാറുണ്ട്. ഈ യുഗത്തിൽ ഒരു ആധുനിക ഭരണഘടനയ്ക്ക് തൃപ്തികരമായി പ്രവർത്തിക്കുന്നതിന് വളരെയധികം സ്ഥിതി വിവരണങ്ങൾ ആവശ്യമാണ്. മിക്കവാറും എല്ലാ രാജ്യങ്ങളിലും ഇതിനായി ഒരു പ്രത്യേക വകുപ്പ് അതിൻറെ കീഴിൽ പ്രവർത്തിക്കുന്നു. നിരവധി ഓഫീസുകളും ഉണ്ടായിരിക്കും രാജ്യവ്യാപകമായി ഒരു പ്രവർത്തന ശൃംഖല ഈ രംഗത്ത് തുടർച്ചയായി പ്രവർത്തിച്ചു കൊണ്ടിരിക്കുകയും ചെയ്യും.

## ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ സിസ്റ്റം

1931 ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കപ്പെടുന്നതിന് രവീന്ദ്രനാഥ ടാഗോറിന്റെ മാർഗ്ഗനിർദ്ദേശം പി സി മഹലനോബിസിനെ ആഴത്തിൽ സ്വാധീനിച്ചു. 1918 ഡിസംബർ 23 രവീന്ദ്രനാഥ ടാഗോർ സ്ഥാപിച്ച വിശ്വഭാരതിയിൽ അദ്ദേഹത്തിന്റെ മകനൊപ്പം 1921 മുതൽ 1930 വരെ വിശ്വഭാര തിയുടെ ജോയിൻ സെക്രട്ടറിയായി പ്രവർത്തിച്ചു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഇൻസ്റ്റിറ്റ്യൂട്ടിൽ പ്രകൃതിദത്തവും സാമൂഹികവുമായ ശാസ്ത്രങ്ങളുമായുള്ള ഇടപെടലിന് തുടക്കമിടുകയും പ്രോത്സാ ഹിപ്പിക്കുകയും ചെയ്തു. അതിന്റെ പൊതുവായ പ്രയോഗക്ഷമതയും സ്വന്തം വികസനത്തിനായി മറ്റു വിഷയങ്ങളെ ആശ്രയിക്കുന്നതും ആയ ഇരുവശങ്ങൾ വിശദീകരിച്ചുകൊണ്ട് സ്ഥിതിവിവരക്കണക്ക് ഒരു പ്രധാന സാങ്കേതിക വിദ്യ എന്ന നിലയിൽ പങ്കു ഉയർത്തി. കമ്പ്യൂട്ടർ സയൻസ്, സ്റ്റാറ്റിസ്റ്റിക്സ്, വാണിജ്യ എക്കണോമിക്സ്, അനുബന്ധ ശാസ്ത്രങ്ങൾ എന്നിവയിൽ പരിശീലനത്തിനും ഗവേഷണ ത്തിനുമുള്ള ലോകത്തിലെ മികച്ച കേന്ദ്രങ്ങളിൽ ഒന്നായി ഈ സ്ഥാപനം ഇപ്പോൾ കണക്കാക്കുന്നു. 1949 പിസി മഹലനോബിസിനെ ഗവൺമെൻറ് സ്റ്റാറ്റിസ്റ്റിക്സ് ഉപദേഷ്ടാവായി നിയമിച്ചു .1950 നാഷണൽ സാമ്പിൾ സർവേ ഓർഗനൈസേഷൻ (NSSO) സ്ഥാപിതമായി. ദേശീയ സാമ്പത്തിക വ്യവസ്ഥയെ നേർ ദിശയിലേക്ക് നയിക്കാനും നയ രൂപീകരണത്തിനും എൻ. എസ്. എസ്. ഓ വഹിക്കുന്ന പങ്ക് വിലമതിക്കാനാകാത്തതാണ് ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ (ISI) സ്റ്റാഫിന്റെ ബലത്തിൽ പ്രവർത്തിച്ചിരുന്ന സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ് 1951 ൽ ആണ് സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓർഗനൈസേഷൻ (CSO) ആയി മാറുന്നത്. 2019 മെയ് 23ന് നാഷണൽ സാമ്പിൾ സർവ്വേ ഓഫീസും സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസും ലയിച്ച് നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് എന്നായി മാറുന്നതിനും അംഗീകാരം ഗവൺമെൻറ് നൽകി. സ്റ്റാറ്റിസ്റ്റിക്സ് പാഠ്യവിഷയമായി ബിരുദാനന്തര തലത്തിൽ കർണാടക യൂണിവേഴ്സിറ്റിയിലും പ്രസിഡൻസി കോളേജിലും ആരംഭി ച്ചത് പിസി മഹലനോബിസ് ആണ്.

ഇന്ത്യൻ ദേശീയ സാമ്പത്തിക പദ്ധതിക്ക് സാമ്പത്തിക ശാസ്ത്രങ്ങൾ നൽകുന്നതിലും വലിയ പങ്ക് വഹിക്കാൻ രണ്ടാം പഞ്ചവത്സര പദ്ധതിക്കാലത്ത് പി.സി മഹലനോബിസിന് കഴിഞ്ഞു.

















## എന്റെ കേരളം

**സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ്**
**തിരുവനന്തപുരം ജില്ലാ പവലിയൻ**

# 2020-21, 2021-22 വർഷങ്ങളിലെ നെടുമങ്ങാട് താലൂക്കിലെ നെൽകൃഷിയുടെ റിപ്പോർട്ട്.

സുനിൽ കുമാർ. ബി

നെടുമങ്ങാട് താലൂക്കിലെ നെൽകൃഷിയുടെ വിസ്തൃതിയിൽ ഓരോ വർഷവും മൂന്നു സീസണുകളിലും കാര്യമായ വ്യതിയാനം ഉണ്ടാകുന്നുണ്ട്. ഇതിന് പല കാരണങ്ങളുണ്ട്. ജലസേചനത്തിന്റെ കുറവ്, തൊഴിലാളികളുടെ ദൗർലഭ്യം (വരമ്പ് പിടിക്കൽ, വിതയ്ക്കൽ, കളയെടുക്കൽ, കൊയ്ത്ത്, മെതിക്കൽ മുതലായവ) യന്ത്രങ്ങളുടെ ലഭ്യതക്കുറവ്, ഇതൊക്കെ നെല്ലിന്റെ ഉൽപ്പാദനത്തിൽ കാര്യമായ മാറ്റങ്ങൾ ഉണ്ടാക്കുന്ന വിഷയങ്ങളാണ്. നെടുമങ്ങാട് താലൂക്കിലെ പ്രദേശങ്ങളും മലയോര മേഖലയും അതുപോലെ വനപ്രദേശങ്ങളാൽ ചുറ്റപ്പെട്ട സ്ഥലവും ആയതിനാൽ വന്യമൃഗങ്ങളുടെ അതിരൂക്ഷമായ( പന്നി , കുരങ്ങ് ) ശല്യവും ഉണ്ട്. കൂടാതെ കോവിഡ് മഹാമാരിയും തടസ്സമായി വന്നു. അതിനാൽ കർഷകർക്ക് നെൽകൃഷിയോടുള്ള താല്പര്യം വളരെ കുറഞ്ഞു. എന്നിരുന്നാലും പല പഞ്ചായത്തുകളും ജനപ്രതിനിധികളും സംഘടനകളും മുൻകൈയെടുത്തു തരിശായി കിടന്ന പല പ്രദേശങ്ങളിലും ഇപ്പോൾ നെൽകൃഷി നടത്തുന്നതായി കണ്ടുവരുന്നു ആയതിനാൽ വരുംവർഷങ്ങളിൽ നെല്ലിന്റെ ഉൽപാദനം ഗണ്യമായി കൂടാൻ വളരെയധികം സാധ്യതയുണ്ട്.




2020-21 കാർഷിക വർഷത്തെ അപേക്ഷിച്ച് 2021-22 വർഷത്തിൽ വിരിപ്പും മുണ്ടകൻ നെല്ലിന്റെ വിസ്തൃതിയിൽ കുറവ് അനുഭവപ്പെടുകയുായി .എന്നാൽ പുഞ്ച സീസണിൽ വിസ്തൃതി കൂടുന്നതായും കണ്ടു.



# സംഗതി

പാസ്റ്റിന മേരി (പാമ)
അവതരണം:വൃന്ദ പി. എസ്

തമിഴ് സാഹിത്യത്തിൽ നിന്നും മലയാളത്തിലേക്ക് തർജ്ജമ ചെയ്യപ്പെട്ട മഹത്തായ ഒരു നോവലാണ് 'സംഗതി'. ലോക കറുപ്പ് സാഹിത്യത്തിൽ പ്രധാന സംഭാവനകൾ നല്കിയിട്ടുള്ള പാസ്റ്റിന മേരി (പാമ) ആണ് ഈ കൃതി രചിച്ചിട്ടുള്ളത്. കീടസമാനമായ ദളിത് ജീവിതത്തിന്റെ സാക്ഷ്യം പറച്ചിലാണ് ഈ കൃതി. ഫ്രഞ്ച് ഉൾപ്പെടെ നിരവധി ലോകഭാഷകളിൽ ഈ പുസ്തകം വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്.

നോവലിന്റെ പേര് പോലെ തന്നെ നോവലിൽ ഉടനീളം ഒരുപാട് 'സംഗതികൾ' നിറഞ്ഞു നില്ക്കുന്നുണ്ട്. മുത്തിയമ്മയിൽ നിന്നാണ് നോവൽ തുടങ്ങുന്നത്. ഏത് സമയത്തും മുഷിയാതെ പേറെടുക്കാൻ പോകുന്ന മുത്തിയമ്മ. 'കൈരാശിക്കെഴവി' എന്നാണ് വിളിപ്പേർ. പെരുമാപ്പട്ടി എന്ന ഗ്രാമത്തിന്റെ കഥ. 'സംഗതി'യിൽ കഥ പറയുന്നവർ കാലത്തെ അറിയുന്നതും കാര്യങ്ങൾ അറിയുന്നതും മുത്തിയമ്മയിൽ നിന്നുമാണ്. ഒട്ടേറെ കഥാപാത്രങ്ങൾ, അവരുടെ സംഭാഷണങ്ങൾ, ജീവിത ശൈലി, മാനസിക വ്യാപാരം, അവസ്ഥകൾ എന്നിവയിലൂടെയാണ് 'സംഗതി' കടന്നു പോകുന്നത്. തികഞ്ഞ വാമൊഴി നാട്ടുഭാഷയിലൂടെ, മനസിൽ കാപട്യം സൂക്ഷിക്കാതെ, പൊള്ളത്തരങ്ങളില്ലാതെ മനസിൽ തോന്നുന്നത് അപ്പപ്പോൾ പറഞ്ഞ് മനസ്സ് ശുദ്ധീകരിക്കുന്ന ഒരുകൂട്ടം മനുഷ്യരാണ് ഈ നോവലിലുള്ളത്. മറിയമ്മാൾ, കൊമാരസ്വാമി, മാണിക്കൻ, ചിന്നമൂപ്പൻ, കാളിയമ്മ, പാക്കിയം അങ്ങനെ സാമൂഹിക ദൗത്യങ്ങൾ വിളിച്ചു പറയുന്ന കഥാപാത്രങ്ങൾ. മറിയമ്മാളുടെ വിചാരണയ്ക്കായി ഊരുകൂട്ടം ചേരുന്നതും, കള്ളക്കേസുണ്ടാക്കി പെരും പിഴ കല്പിക്കുമെന്ന താക്കീതും നല്കി, സംസാരിക്കാൻ അവസരം നല്കാതെ നിർത്തുന്ന മറിയമ്മയെ കേരളത്തിലെ ഓരോ സ്ത്രീയ്ക്കും അനുഭവമുള്ളതാണ്. അത്തരത്തിൽ മൗനം ലംഘിക്കുന്നത് കുറ്റമായി മാറുന്ന സാഹചര്യത്തിലാണ് പാമയുടെ 'സംഗതി' ഇതിനുള്ള ഉത്തരം നമുക്ക് നൽകുന്നത്.

നൂറ്റാണ്ടുകളായി സൗന്ദര്യത്തിന്റെയും സംസ്കൃതിയുടെയും മാതൃകകൾക്കെല്ലാം സവർണ-ആൺ അധികാരത്തിന്റെ മുഖമായതു കൊണ്ടുതന്നെ വ്യാകരണ നിയമങ്ങൾ പാലിക്കേണ്ടതിന്റെ ആവശ്യകത സാഹിത്യസൃഷ്ടികൾക്കുണ്ടായിരുന്നു. അതിൽ നിന്നും വ്യത്യസ്തമായി ഒരു വ്യവസ്ഥയെത്തന്നെ തകർത്തെറിഞ്ഞു കൊണ്ട്, കുലീന ഭാഷാ പ്രസ്ഥാനത്തെ പൊളിക്കാൻ 'തെറിനാവ്' എത്ര ശക്തമാണ് എന്ന് ഈ നോവൽ വരച്ചു കാട്ടുന്നു.

'കെഴക്ക് വെള്ള കീറുമ്പൊത്തൊടങ്ങി നടുയാമത്തില് കെടക്കപ്പായില് ചവങ്കണക്കെ കെടക്കണവരെ കടുമ്പണിയെടുപ്പിക്കണം' ഇങ്ങനെ സവർണർ പണിയെടുപ്പിക്കുന്ന അവർണ സ്ത്രീകളുടെ ഒരു കൂട്ടം 'സംഗതികളാണ്' ഈ നോവൽ.

ജാതി പുറത്ത് കാട്ടാനാകാത്തതും, അടിമയായി ജോലി ചെയ്യേണ്ടി വരുന്നതും ഒരു സംഗതിയാണ്. വേലക്കെന്നപോലെ വാടക വീടിനു വേണ്ടിയും പെടാപ്പാട് പെടുമ്പോൾ ഊരെവിടാ, പേരെന്താ, വീടെവിടെ, തായ്-തന്ത, ഉടപെറന്നോരെത്ര, പണിയെന്ത്, നെല സൊത്ത്, പണ്ടം പാത്രമെത്രണ്ട്? എന്ന ചോദ്യങ്ങൾക്കൊക്കെ ഉത്തരം പറഞ്ഞാലും ജാതി എതെന്ന ചോദ്യം പ്രശ്നമാണ്.

'എന്റുള്ളില് പൊങ്ങണ കലിക്ക് ഞാൻ പറച്ചിയാണ്, പറച്ചിയാണ് ലെകത്തോട് നെലോളിക്കാൻ തോന്നണെണ്ട്. നമ്മട ജാതി ഒളിപ്പിച്ച് വെച്ചട്ട് പൊറം ജാതിയാന്ന് പറയാനും പിടിക്കണില്ല. എന്നാലും പറച്ചീന്ന് പറഞ്ഞാല് പിന്നെ വാടക വീട് കിട്ടില്ല' വാടക കൊടുത്ത് ജീവിക്കാനുള്ള അവകാശം പോലുമില്ലാത്ത ഞങ്ങളെന്താ അത്രത്തോളം നീച ജന്മങ്ങളോ എന്ന ഇവരുടെ ചോദ്യം നോവലിലുടനീളം വായനക്കാരെ വേട്ടയാടുന്നുണ്ട്.

ഒരു പറച്ചിയ്ക്ക് എല്ലാ കീഴായ്മയോടെയും തുടരേണ്ടി വരുന്നത് അധഃകൃതരുടെ എതിർപദങ്ങൾ ഇന്നും അതിന്റെ എല്ലാ 'സവർണത'യോടെയും നിലനിർത്തിപ്പോരേണ്ടികയും കൊണ്ടാടപ്പെടുകയും ചെയ്യുന്നതും കൊണ്ടാണ് എന്ന ഉത്തരം ആർക്കാണ് അവരോട് വിളിച്ചു പറയാൻ ധൈര്യമുണ്ടാകുക?

സമത്വം പാമയ്ക്ക് ഒരു വിദൂര സ്വപ്നമല്ല. അതിന് നമ്മളൊന്ന് ഉണരുകയേ വേണ്ടൂ.. 'നമ്മളു കണ്ണു കുരുടികളായിട്ട് ഇനി വാഴാമ്പാടില്ല.. നമ്മുടെ കൊടും ഗതി നമ്മളെന്നെ മാറ്റിയേ പറ്റൂ.. അല്ലെങ്കിൽ പേടിത്തൂറികളായിട്ട്, അഴുക്ക് മൂട്ട ചൊമക്കണ കഴുതേളായിട്ട് ചത്തൊടുങ്ങ്ണതാ പെണ്ണുങ്ങള്ടെ സംഗതികള്'.

പിറന്ന് വീഴുമ്പോൾ തൊട്ട് അന്യവീട്ടിൽ പോയി പൊറുക്കാനാണ് നാം പെൺകുട്ടികളെ പഠിപ്പിക്കുന്നത്.

പറക്കമുറ്റും മുൻപെ ഒരുത്തന് പിടിച്ച് കൊടുത്ത് ഭാരം ഒഴിവാക്കുകയും ചെയ്യും. എത് പ്രതികൂല സാഹചര്യത്തിലും പൊറുക്കാനുള്ള പാഠം ഉരുവിടീച്ചുകൊണ്ടിരിക്കും - ഇനിയുള്ള പാഠങ്ങൾ എന്താകണമെന്ന് പറഞ്ഞു കൊണ്ട് പാമ നിർത്തുന്നു - നമുക്ക് തുടങ്ങാൻ വേണ്ടി.

'ആൺങ്ങള്ടെ വേലക്കാരിയാക്കണതാണ് കല്യാണക്കെട്ട് എന്നത് തെറിയടുക്കണം... ആണുമ്പെണ്ണും പക്ഷാപാതോല്ലാതെ പള്ളിക്കൂടത്തിൽ വിട്ട് പഠിപ്പിക്കണം. ആണ്ങ്ങള്ക്ക് കൊടുക്ക്ണ എല്ലാ സോതന്ത്ര്യോം പെണ്ണിന്ന് കൊടുക്കണം. ചൊട്ടേന്ന് ഇങ്ങാനെ സൊതന്ത്രായിട്ട് വളർത്ത്യാല് പെണ്ണുങ്ങൾടെ ശക്തി പൊറഞ്ചാടും. ണ്ടാക്കണതും ഒടയ്ക്കണതും പെണ്ണന്നെ.. ആൺപെൺ സമ ഉലകം'

ദളിത് സ്ത്രീ സമൂഹത്തിന്റെ ദുരിതങ്ങളാണ് പാമ 'സംഗതി'യിൽ പറയുന്നത്. പെൺകാഴ്ചയിൽ, പെൺമൊഴിയിൽ പച്ചയായ ദളിത് സ്ത്രീ ജീവിതം ആവിഷ്കൃതമായ സംഗതിയിൽ ചേരിത്തെറിയുള്ള ദളിത് മൊഴിയുടെ മുഴക്കം. ഇതിനെതിരേ വിമർശനമുണ്ടായപ്പോൾ പാമയുടെ പ്രതികരണം ദലിത് സ്ത്രീയുടെ പ്രതിരോധായുധമാണ് പച്ചത്തെറിയുള്ള മൊഴിയാവിഷ്കാരം എന്നായിരുന്നു. പരിഷ്കൃതരായ മലയാളികളുടെ പൊള്ളത്തരം കാണിക്കുന്ന, കേരളീയരുടെ പ്രശ്നങ്ങൾ കൂടി ചിത്രീകരിച്ചിട്ടുള്ളതുകൊണ്ടാകാം ഈ നോവൽ മലയാളികൾ ഇരുകൈയും നീട്ടി സ്വീകരിച്ചത്. സവർണർ ജാതിപ്പേര് സ്വന്തം പേരിനൊപ്പം ചേർത്ത് അഭിമാനവും അഹങ്കാരവും നടിക്കുമ്പോൾ സ്വന്തം ജാതി പുറത്ത് പറയാൻ ഇഷ്ടപ്പെടാതെ വിമ്മിട്ടപ്പെടുന്ന, മനസിൽ അപകർഷതാ ബോധത്തിന്റെ എരിച്ചിലുകളുള്ള ഒരു കൂട്ടം മനുഷ്യരുണ്ട്. ലോകത്തെല്ലായിടവുമുണ്ട്.






അതുപോലെ പെണ്ണായി പോയതു കൊണ്ട് അപകർഷതയുള്ള പെണ്ണുങ്ങളുണ്ട്. പ്രത്യേകിച്ച് ജാതിയിൽ കുറവാണെങ്കിൽ പറയുകയും വേണ്ട. ഇത്തരത്തിൽ അപകർഷത നിറഞ്ഞ ഒരു കൂട്ടരും അതിനു കാരണമായ മറ്റേ കൂട്ടരും. അപകർഷതയെ മറികടന്ന് അതിജീവനത്തിന്റെ പാത തേടുകയാണ് 'സംഗതി'യുടെ കഥാകാരി.

പതിവ് പെൺപക്ഷ രചനകളിൽ കാണുന്ന സ്ത്രീ ലൈംഗികത, പ്രസവം, മുലയൂട്ടൽ, സൗന്ദര്യ സങ്കല്പം ഇവയൊന്നും ദളിത് സ്ത്രീയെ സംബന്ധിച്ച് ഒരു പ്രശ്നമേയല്ല എന്നും പതിവ് ഫെമിനിസ്റ്റ് കാഴ്ചപ്പാടുകളോട് വിയോജിക്കുന്നു എന്നും പാമ പറയുന്നു.

ദളിത് പക്ഷം, സ്ത്രീ പക്ഷം എന്നിങ്ങനെ വേർതിരിച്ച് കാണിക്കുന്നതിനേക്കാൾ ഇതൊരു മനുഷ്യ പക്ഷ നോവലാണ് എന്നു പറയുന്നതാണ് ശരിയും ഉത്തമവും.

വിവർത്തകൻ: വിജയകുമാർ കുനിശ്ശേരി
മാതൃഭൂമി ബുക്ക്സ്

## അനുഭവങ്ങൾ

## പാളിച്ചകൾ

### നന്മമരം

സന്തോഷ് കുമാർ എസ്


ഇദ്ദേഹത്തെ നമുക്ക് മുരളി എന്നു വിളിക്കാം.
സർക്കാർ ഉദ്യോഗസ്ഥനാണ്. മൃതുഭാഷിണി.
എല്ലാപേരും പറഞ്ഞു, അങ്ങോട്ട് പോകണ്ടാന്നു.
എന്നാൽ പിന്നെ വിടാൻ പാടില്ലല്ലോ...
വന്നിട്ട് ആദ്യ വർഷം..
ആളെ മയക്കി വീഴ്ത്തി പേരെടുക്കാനായി ഒന്ന് ശ്രമിച്ചാലോ...
ഞാനും സഹപ്രവർത്തകനുമായി ആളെ ചെന്നു കണ്ടു..
കാര്യം പറഞ്ഞില്ലല്ലേ, എന്തിനാന്നു...
ഒരു സിസി എടുക്കണം.. ആൾക്ക് അഞ്ചു സെന്റിൽ നെല്ലുണ്ടേ...
നല്ല സംസാരം (മലയാളത്തിലെ സംസാരമാ കേട്ടോ).. നല്ല സ്വീകരണം..
ഈ തങ്കപ്പെട്ട മനുഷ്യനെയാണല്ലോ എല്ലാപേരും ദുഷിച്ചത്..
മൂന്ന് മാസങ്ങൾക്കപ്പുറം.. നെല്ല് വിളഞ്ഞു..
ആളെ ചെന്നു കണ്ടു..
കൊയ്ത്തിനു തലേന്ന് അറിയിക്കാം എന്നു വാക്ക്...
എന്തോ, എല്ലാപേരും പറഞ്ഞത് മനസ്സിൽ കിടന്നതുകൊണ്ടാവാം അത്ര വിശ്വാസം പോരാ...
അതുകൊണ്ട് എന്നും പോയി കണ്ടു..
അങ്ങനെ ആ ആഴ്ചയിലും..
തിങ്കൾ പോയി... തിരികെ വന്നു..
ചൊവ്വ പോയി.. തിരികെ വന്നു...
ബുധൻ... ഓ, ഇന്ന് വേണ്ടാ... എന്നും പോയാൽ ആൾ എന്താ കരുതുക..
വ്യാഴം രാവിലെ പോയി...
കൊയ്ത് കഴിഞ്ഞ പാടത്തെ നെൽകതിർ മണികൾ കൊതിപ്പറക്കുന്ന കൊററികൾ മാത്രം...
തിരിഞ്ഞ് നടക്കുമ്പോൾ കണ്ടു, ഒരു ചുവരെഴുത്ത്...
മുരളിക്ക് വോട്ട് ചെയ്യുക..
നമ്മുടെ ചിഹ്നം...



വൃന്ദ. പി.എസ്



വൃന്ദ. പി.എസ്



വൃന്ദ. പി.എസ്



സന്തോഷ്കുമാർ.എസ്

# കൈപിടിച്ച്...

അരുൺ. ആർ

താരാട്ടുപാടി ഉറക്കുന്ന അമ്മതൻ
നാദത്തിനൊപ്പം.....
അറിയാതെ പോകുന്ന മൗനമാം....
താരാട്ടിൻ ഈണമാണച്ഛൻ ....

തണൽ വൃക്ഷമായ്.....
അതിൻചില്ലയിൽ കൂടൊരുക്കി....
മക്കളെ ചാച്ചുറക്കീടുമ്പോൾ..
സ്വയം വെയിലേറ്റുവാടുന്ന ....
തണൽമരമാകുന്നു അച്ഛൻ......

വെയിലേറ്റ് ചില്ലകൾ വാടാതെ കാക്കുവാൻ...
നീർതേടിപോകുമീ .......
തണൽമരത്തിൻ വ്യഥകൾ.....
അറിയാതെകാക്കുന്നു അച്ഛൻ....

കടപുഴകി ഒരുനാളിൽ...
തണൽമരം വീഴുമ്പോൾ....
അറിയാത്ത മക്കൾ അറിയുന്നു.....
വേനലിൻ ചൂടും അതിൽ....
തണൽമരമേകിയ തണലും.



വൃന്ദ. പി.എസ്





ഡയറക്ടറേറ്റിൽ നിന്നുള്ള ഡെസ്കാസ് അവലോകനം

കേന്ദ്ര കൃഷിമന്ത്രാലയ
ഉദ്യോഗസ്ഥരുടെ
സന്ദർശന വേളയിൽ...





ബി.എസ്.എൽ.എൽ.ഡി
റിപ്പോർട്ട് പ്രകാശനം...





യാത്രയയപ്പ്...

# കാമുകി

വൃന്ദ പി. എസ്

മുറിയിലെ ജനലഴികളിലൂടെ പുറത്തേക്കു നോക്കി നിൽക്കാൻ എന്നെ പഠിപ്പിച്ചത് അവളാണ്. കാരണം അവളെ നോക്കുവാൻ വേണ്ടി മാത്രമേ ജനലുകൾ ഞാൻ തുറക്കുമായിരുന്നുള്ളൂ. അവളെ കാണുമ്പോൾ എല്ലാം ഞാൻ എല്ലാം മറന്നു അങ്ങനെ നിന്നു പോകും.
നവരസങ്ങൾ ഇത്രയും ഭംഗിയായി അവൾക്ക് അല്ലാതെ മറ്റാർക്കും വരുത്താനാകില്ല. ചമയങ്ങൾ വേണ്ടാത്ത ഭാവങ്ങളുമായി ഓരോ തവണയും അവൾ എന്റെ മുൻപിൽ എത്തുമ്പോഴും എന്റെ പ്രണയം ഇരട്ടിക്കുകയായിരുന്നു.

ചെറുപ്പം മുതൽക്കേയുള്ള എന്റെ പ്രണയത്തെ പറ്റി കമലയോട് ഞാൻ തുറന്നു പറഞ്ഞിരുന്നു. പൊട്ടിത്തെറികളും നോട്ടീസുകളും പ്രതീക്ഷിക്കാതെ പറയാവുന്ന ഒരു പ്രണയവും ഒരുപക്ഷേ എന്റേതാകാം. ജീവിതത്തിൽ കൂടുതൽ തമാശകളും പൊട്ടിച്ചിരികളും വഴിമാറിയ ഒന്നായിരുന്നു എന്റെ പ്രണയകഥ. കാരണം എന്റെ ജീവിത സഖി കമലയും അവളെ പോലെ ആയിരുന്നു.

അവൾ സുന്ദരിയാണ്, കമലയെ പോലെ. അവൾക്ക് കാലിൽ കിലുങ്ങുന്ന കൊലുസുണ്ട്, തുറിച്ചു നോക്കിയാൽ തെറിച്ചു പോകുന്ന രണ്ട് വലിയ കണ്ണുകൾ ഉണ്ട്, പലതരത്തിൽ ചിരിക്കാൻ അറിയാവുന്ന ചുണ്ടുകൾ ഉണ്ട് അവളുടെ കൈകൾക്ക് നനുത്ത സ്പർശമുണ്ട്.

അവളുടെ ഭാവപ്പകർച്ചകളിൽ എനിക്ക് ഏറ്റവും ഇഷ്ടം ദേഷ്യഭാവമാണ്. സുന്ദരി എന്ന് തോന്നാറുണ്ട്. സൗന്ദര്യത്തേക്കാൾ ഞാൻ ഇഷ്ടപ്പെട്ടത് അവളുടെ രൗദ്രഭാവത്തെയാണ്. അത് കാണുമ്പോൾ നല്ലൊരു ഫ്യൂഷൻ നൃത്തം കണ്ട പോലെ എനിക്ക് തോന്നും. എങ്കിലും ഏതു ഭാവത്തിലും ഒരുപാട് ഇഷ്ടമാണ് ഇപ്പോഴും. അവളുടെ മുഖത്ത് ചിലപ്പോൾ പാൽപുഞ്ചിരി ആകും ,മറ്റുചിലപ്പോൾ കുസൃതി കാണിക്കും, ഇടയ്ക്ക് ഞാൻ അറിയാതെ വന്ന് പേടിപ്പിക്കും, അല്ലെങ്കിൽ കൊച്ചു കുട്ടികളെപ്പോലെ വാശി പിടിച്ച് നിർത്താതെ കരയും, അതുമല്ലെങ്കിൽ പിണങ്ങി നടക്കും, എന്ത് ചോദിച്ചാലും മിണ്ടില്ല. അപ്പോൾ അവൾക്കുള്ള ഭാവങ്ങൾ പൂർണമായും മനസ്സിലേക്ക് പകർത്തി വയ്ക്കാൻ എനിക്ക് ആകുമായിരുന്നില്ല.



എന്റെ പ്രണയിനിയെ കുറിച്ച് ഞാൻ എന്തൊക്കെയായിരുന്നു മനസ്സിലും പുസ്തകങ്ങളിലും ചുവരുകളിലും ഒക്കെ കുറിച്ചിട്ടത്... അത് കഥയെന്നോ കവിതയെന്നോ പറയാനാകാത്ത മുറിവുകളായി പെട്ടിക്കുള്ളിൽ സൂക്ഷിച്ചു വെച്ചത്... പല ഭാവങ്ങളിലുള്ള ഫോട്ടോകൾ നോക്കി ഞാൻ ഉറങ്ങാൻ കിടന്നത്... അവൾ എന്നെ കാണാനായി ഓരോ തവണ എത്തുമ്പോഴും സമ്മാനമായി കൊണ്ടു തന്ന അപ്പൂപ്പൻ താടികളേയും, മഞ്ചാടി മുത്തുകളേയും നോക്കിയിരുന്നത്... അപ്പോഴൊക്കെയും എനിക്കറിയാമായിരുന്നു... അവൾ എന്നോടൊപ്പം എന്നും ഉണ്ടാകും എന്ന്.... ഇപ്പോഴുമുണ്ട് ആ ഉറപ്പ്.

ഓർമ്മകൾ മനസ്സിൽ വേലിയേറ്റം തീർക്കുകയാണ്. അവ അടച്ചുവെച്ച മനസ്സിൽ നിന്ന് പുറത്തേക്ക് ഒഴുകാൻ തുടങ്ങിയത് ഞാനറിഞ്ഞിരുന്നില്ല. അത്രയേറെ ഓർമ്മകളായിരുന്നു അവളെപ്പറ്റി. മറന്നുപോയവയെയാണോ ഓർമ്മകൾ എന്ന് പറയാറ്? അങ്ങനെയാണെങ്കിൽ ഇവയൊന്നും എനിക്ക് ഓർമ്മകൾ അല്ല.

തുണികൾ ഒക്കെ നനഞ്ഞു എന്നു പറഞ്ഞുകൊണ്ട് കമല മുറ്റത്തേക്കിറങ്ങി പോകുമ്പോഴാണ് സ്ഥലകാല ബോധമുണ്ടായത്. കമലയെ സഹായിക്കാനായി മുറ്റത്തേക്ക് ഇറങ്ങിയപ്പോൾ എന്നെയും കമലയേയും ഒരുമിച്ചു കണ്ട സന്തോഷത്തിൽ 'അവൾ' കൂടുതൽ തിമിർത്തു പെയ്യുകയായിരുന്നു........!



# ഒരു ഡ്രാഗൺ ഫ്രൂട്ട് വിപ്ലവം


ജയകൃഷ്ണൻ. കെ

ഇൻഡോനേഷ്യ, മലേഷ്യ തുടങ്ങിയ കിഴക്കനേഷ്യൻ രാജ്യങ്ങളിൽ കൃഷി ചെയ്തുവന്നിരുന്ന കള്ളിച്ചെടി വിഭാഗത്തിൽ പെട്ട ഫല വർഗമാണ് ഡ്രാഗൺ ഫ്രൂട്ട്. സമാന കാലവസ്ഥയായതിനാൽ ഇവ ഇന്ന് നമ്മുടെ രാജ്യത്തും സമീപ രാജ്യങ്ങളായ ബംഗ്ലാദേശ്, ശ്രീലങ്ക എന്നിവിടങ്ങളിലും കൃഷി ചെയ്തു വരുന്നു.

വിറ്റാമിൻ-സി യാൽ സമ്പുഷ്ടമാണ് ഡ്രാഗൺ ഫ്രൂട്ട്. കൂടാതെ ഇതിലടങ്ങിയിരിക്കുന്ന ആന്റി-ഓക്സിഡന്റസ് പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നു. ഇവ ശരീരത്തിലെ അയൺലെവൽ ഉയർത്തുന്നു, ആയതിന്റെ ഫലമായി ശരീരത്തിലെ ഓക്സിജൻ നിലയും ഉയരുന്നു.

### കൃഷി രീതി

സാധാരണയായി ചെടി മുറിച്ചു നട്ടാണ് ഇവ കൃഷി ചെയ്യുന്നത്. പഴത്തിലടങ്ങിയിരിക്കുന്ന വിത്ത് ഉണക്കി മുളപ്പിച്ചും ഇവ കൃഷി ചെയ്യാം. കള്ളിച്ചെടികളായതിനാൽ അമിത ഈർപ്പം ഇവയ്ക്കു ചേരില്ല. അതി വർഷമില്ലാത്ത ഉഷ്ണമേഖലാ പ്രദേശങ്ങളാണ് ഡ്രാഗൺ പഴത്തിന്റെ കൃഷിക്കു ചേരുന്നത്. പൂവിട്ട് 30 മുതൽ 50 ദിവസങ്ങൾക്കകം ഫലം പാകമാകുന്നു. വർഷത്തിൽ മൂന്നു മുതൽ ആറ് പ്രാവശ്യം വരെ ഈ ചെടികൾ പുഷ്പിക്കാറുണ്ട്



### ഡ്രാഗൺ ഫ്രൂട്ട് നമ്മുടെ നാട്ടിൽ

നെടുമങ്ങാട് താലൂക്കിലെ പാങ്ങോട് പഞ്ചായത്തിലെ തണ്ണിച്ചാൽ എന്ന സ്ഥലത്ത് പ്രവാസിയായിരുന്ന വിജയൻ എന്നയാളാണ് താലൂക്കിൽ വ്യാവസായിക അടിസ്ഥാനത്തിൽ ഡ്രാഗൺ ഫ്രൂട്ട് കൃഷി ആരംഭിച്ചത്. 2007 ൽ കൗതുകത്തിന് ആരംഭിച്ച കൃഷി ഇന്ന് പതിനഞ്ച് ഏക്കറിനു പുറത്ത് വ്യാവസായിക അടിസ്ഥാനത്തിൽ നടത്തി വരുന്നു. എട്ട് അടി അകലത്തിൽ കോൺക്രീറ്റ് തൂണുകൾ നാട്ടി അതിലാണ് ചെടികൾ പടർത്തുന്നത്. വർഷത്തിൽ മെയ് മുതൽ ഒക്ടോബർ വരെയാണ് ഇവിടെ സീസൺ. സീസണിൽ ആയിരം കിലോ മുതൽ നാലായിരം കിലോ വരെ പഴങ്ങൾ ലഭിക്കാറുണ്ട് എന്നും ശ്രീ വിജയൻ പറയുന്നു. നവമാധ്യമങ്ങളിലൂടെ കൃഷി പ്രശസ്തമായതോടെ പഴങ്ങൾക്ക് തിരുവനന്തപുരത്തും സമീപ ജില്ലകളിലും മാർക്കറ്റ് ലഭിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു.

റബ്ബർ വിപണിയിലെ വില ചാഞ്ചാട്ടങ്ങളിൽ പകച്ചു നിൽക്കുന്ന മലയോര മേഖലയിലെ കർഷകർക്ക് സാഹസികതകൾ ഇല്ലാതെ പരീക്ഷിക്കാവുന്ന ഒരു കാർഷിക വിളയാണ് ഡ്രാഗൺ ഫ്രൂട്ട്.

(വൈശാഖ് ഗാർഡൻസ് - 9447069422)

ഡ്രാഗൺ ഫ്രൂട്ട്
പാടത്തിലൂടെ ഒന്ന്
സഞ്ചരിച്ച് വരാം...

## അനുഭവങ്ങൾ

### പാളിച്ചകൾ

# മുതലെടുക്കുകയാണല്ലേ സജി

സന്തോഷ് കുമാർ എസ്

സമയം വൈകുന്നേരം ഏകദേശം മൂന്ന് മണി...

ഫോൺ ബെല്ലടിച്ചു..

നമ്മുടെ SI

അങ്ങോട്ട് ഒന്നും കേൾക്കാൻ നിൽക്കാതെ തന്നെ കാര്യം പറഞ്ഞു ഫോൺ വയ്ച്ചു...

നാളെ രാവിലെ ഒരു മരിച്ചീനി സി. സി വേണം.

ഇതിപ്പോ നാളെ രാവിലേന്നു പറഞ്ഞാൽ...

വണ്ടിയുമെടുത്ത് ഇറങ്ങി...ആൾ സ്ഥലത്തില്ല..

സപ്തതി കഴിഞ്ഞ അച്ഛൻ മാത്രം..

ആവശ്യം അറിയിച്ചപ്പോൾ ദക്ഷിണ വയ്ക്കാൻ പറഞ്ഞു..

അമ്മ പാട്ട് പഠിപ്പിച്ചു തന്നിട്ടില്ലാത്തതിനാൽ ഒരു ഗാന്ധി (പഴയ ഗാന്ധിയാ കേട്ടോ) എടുത്ത് കൊടുത്തു..

2x2 അളന്നിട്ടു..

അത്രയും തറ ഒന്ന് നനച്ചിടണം എന്ന് പറഞ്ഞു...

ആര് കേൾക്കാൻ...

ഗാന്ധിയേം കെട്ടിപിടിച്ചു ആൾ മയങ്ങി...

അങ്ങനെ ഞങ്ങൾ തന്നെ കിണറിൽ നിന്ന് വെള്ളം കോരി, നനച്ചിട്ടു...

അപ്പോൾ ദേ ഒരു അപേക്ഷ...

ബാക്കി കൂടി ഒന്ന് നനയ്ക്ക് മക്കളെ...

ഗാന്ധിയേം വിട്ടിട്ട് വന്നു നിൽപ്പാണ് ആൾ..

അങ്ങനെ ആ പതിനഞ്ചു സെന്റ് തറയും നനച്ചു തിരികെ നടക്കുമ്പോൾ മനസ്സിൽ വന്ന ഡയലോഗ് പിന്നെ സിനിമയിൽ എടുത്തു...

മുതലെടുക്കുകയാണല്ലേ സജി....

## അനുഭവങ്ങൾ

### പാളിച്ചകൾ

# ഒരു ഇൻസ്പെക്ഷൻ അപാരത

സന്തോഷ് കുമാർ എസ്

വീണ്ടും സെൻട്രൽ സാമ്പിൾ. അഞ്ച് വർഷങ്ങളിൽ മൂന്നാമത്തേത്. ഇതെന്താ ഈ റാൻഡം എന്നോട് മാത്രം ഇങ്ങനെ. ഒടുവിൽ കാർഷിക വർഷത്തിന്റെ അവസാനമായി . പതിവുപോലെ പെയ്യാൻ മറന്ന് പേമാരി. കരഭൂമി ഇൻസ്പെക്ഷൻ. ദേശീയ ഗവൺമെൻറ് ഉദ്യോഗസ്ഥരോടൊപ്പം സ്ഥലം കാണാൻ വന്നു. കണ്ടു .കീഴടങ്ങിയ കഥ പുറകെ.

എല്ലാംകണ്ട് ബോധ്യപ്പെട്ട് തിരികെ നടക്കുമ്പോൾ ഒരു ആൾക്കൂട്ടം. ഇനിയിപ്പോൾ സ്വീകരണം വല്ലതും ആകുമോ ? ഗവൺമെൻറ് ഉദ്യോഗസ്ഥരോട് ഇത്രയും സ്നേഹമുള്ള നാട്ടുകാരോ ? എന്തേ നേരത്തെ ഇവിടം കാട്ടി തന്നില്ല.

അടുത്ത് എത്തിയപ്പോൾ തിരിച്ചറിഞ്ഞു പാറപൊട്ടിക്കൽ വിരുദ്ധ സമരക്കാരാണ്. കയ്യിലുള്ളത് പാറ പൊട്ടിക്കാനുള്ള ആയുധങ്ങളും. പാറപൊട്ടിക്കാൻ വന്നവരുടേന്ന് പിടിച്ചുവാങ്ങിയവ. മനസ്സിലായി തല പൊട്ടിക്കാൻ വെച്ചിരിക്കുന്നതാ. കൈപിടിച്ചു ,കാലുപിടിച്ചു, ഐ.ഡി കാണിച്ചു. അവർക്ക് ആകെ അറിയാവുന്നത് താലൂക്ക് ഓഫീസ് പിന്നെ വില്ലേജ് ഓഫീസ്, അപ്പോഴാണ്. പെട്ട വ്യൂഹത്തിന് പത്മം എന്ന് വിളിച്ചാൽ ഒന്നും പോരാ. എങ്ങനെ രക്ഷപ്പെടും. ഈശ്വരനെ ഇതുവരെ വിളിച്ചിട്ടില്ല. പക്ഷേ ഈ സന്ദർഭത്തിൽ ആരാ സഹായിക്കുക എന്ന് അറിയില്ലല്ലോ. അറിയാവുന്ന ദൈവങ്ങളെ ഒക്കെ വിളിച്ചു. ജാതി, മതം ഒന്നും നോക്കാതെ.

ആരോ വിളികേട്ടു. ദേ വരുന്നു ഒരു അറുപതുകാരൻ. ഐ.ഡി കണ്ടു. മുഖത്തുനോക്കി 'കൊല്ലടാ ഇവന്മാരെ 'എന്ന് പറയാൻ തുടങ്ങുന്ന പോലെ എങ്ങും നിശബ്ദത. നെഞ്ചിടിപ്പിന്റെ താളംപുറത്തു കേൾക്കാം. ഹൃദയ താളത്തിനൊത്ത് ഐ.ഡി കാർഡ് തുള്ളിക്കളിക്കുന്നു ആരും മിണ്ടുന്നില്ല.

'ഞാൻ ഈ ഡിപ്പാർട്ട്മെൻറിൽ വർക്ക് ചെയ്തിട്ടുണ്ട്, എംപ്ലോയ്മെൻറ് നിന്ന് മൂന്ന് വർഷത്തോളം' അദ്ദേഹത്തിന്റെ വാക്കുകൾ .അവിടെ നിന്ന് തിരിച്ചു നടക്കുമ്പോൾ ഒന്ന് തിരിഞ്ഞു നോക്കി. സാധാരണ ഇങ്ങനെ തിരിഞ്ഞുനോക്കുമ്പോൾ ആണല്ലോ തലയ്ക്ക് ചുറ്റും വെള്ളവലയം ഒക്കെ കാണുന്നത്.



അക്ഷരമുറ്റം ക്വിസ് മത്സരത്തിൽ എൽ.പി. വിഭാഗം സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനം നേടിയ **ശ്രീലവ്യ,** ഞങ്ങളുടെ സഹപ്രവർത്തക ശ്രീമതി ലക്ഷ്മിയുടെ മകൾ.










വിവിധ ഓഫീസ് കാഴ്ചകൾ...

നന്ദി,

സഹകരിച്ചവർക്കും പ്രോത്സാഹിപ്പിച്ചവർക്കും

സ്റ്റാഫ് കൗൺസിൽ



ടീം നെടുമങ്ങാട്



അഭിപ്രായം രേഖപ്പെടുത്തു

All rights of contents in this publication are vested with the respective authors. No part of this shall be copied without their consent